# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 825

20/03/2013 - ൽ മറുപടിക്ക്

### ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ.പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത ഗതാഗതത്തിനു യോഗ്യമാക്കുന്നതിനായി നബാർഡ്, സംസ്ഥാന ബഡ്ജറ്റ്, ധനകാര്യകമ്മീഷൻ തുടങ്ങിയ മാർഗ്ഗങ്ങളിൽ നിന്നും പണം കണ്ടെത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ പ്രധാന ജലപാതയുമായി ബന്ധിപ്പിക്കുന്ന ജലപാതകളും വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഏറ്റവും പ്രയോജന പ്രദമായ ഗതാഗത മാർഗ്ഗമാണ് ജലഗതാഗതം. കേരളത്തിന്റെ തെക്കു മുതൽ വടക്കു വരെയുള്ള 595 കി.മീ. ദൈർഘ്യമുള്ള ജലപാതയായി കോവളം-നീലേശ്വരം ജലപാത വികസിപ്പിക്കുകയും ഇതിലേക്കുള്ള ചെറു ജലപാതകൾ സമാന്തരമായി വികസിപ്പിക്കുകയും, കേരളത്തിൽ ജലഗതാഗതം പൂർണ്ണതോതിൽ നടപ്പിലാക്കി ഒരു പരിസ്ഥിതി സൗഹൃദ/ചെലവ് കുറഞ്ഞ ഗതാഗത സംവിധാനം നടപ്പിൽ വരുത്തുകയെന്നതുമാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. അതുവഴി സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാക്കുവാൻ സാധിക്കും. |

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) സംസ്ഥാന ജലപാത, ജലസേചന വകുപ്പും ദേശീയ ജലപാതയായ കൊല്ലം - കോട്ടപ്പുറം പാത കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുമാണ് (IWAI) വികസിപ്പിക്കുന്നത്.

(ഡി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്കു ലഭ്യമാകുന്നത്;

(ഡി) ജലപാത വികസത്തിന് 13-ാം ധനകാര്യ കമ്മീഷനിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന ബഡ്ജറ്റിലും ജലപാതകളുടെ വികസനത്തിന് പണം അനുവദിക്കുന്നുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായവും ജലപാതകളുടെ വികസനത്തിന് ഉപയോഗിക്കുന്നുണ്ട്.

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ഇ) ദേശീയ ജലപാതയുടെ പദ്ധതികൾ ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ ആണ് നടപ്പിലാക്കുന്നത്. സംസ്ഥാന ജലപാതകളുടെ വികസനത്തിനായുള്ള പദ്ധതികൾ സംസ്ഥാന ജലസേചന വകുപ്പാണ് നടപ്പിലാക്കുന്നത്. ജലസേചന വകുപ്പിൽ ഇതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൊല്ലം കേന്ദ്രമാക്കി ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ